# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ദൈവം

**യൂണിറ്റ് D**

## പഠനം 1. ദൈവം - പിതാവ്

പേര്: ..........................................................

**വായിക്കുക: യോഹന്നാൻ 14: 1 , 11; 23 & 24**

**താക്കോൽവാക്യം: 1 യോഹന്നാൻ 3:1**

**" കാണ്മീൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു !"**



### പഴയനിയമം

ദൈവം യിസ്രായേലിനെ തന്റെ സ്വന്തജനമായിരിക്കുന്നതിനുവേണ്ടി തിരഞ്ഞെടുത്ത നാൾ മുതൽ, ദൈവമായിരുന്നു അവരുടെ ആവശ്യങ്ങൾക്കു വേണ്ടി കരുതുകയും അവരുടെ ഭാവി സുരക്ഷിതമാക്കുകയും ചെയ്തിരുന്നത്. ആ നിലയിൽ അവർ ദൈവത്തെ അവരുടെ പിതാവ് എന്ന നിലയിൽ അറിഞ്ഞ് അംഗീകരിച്ച് അവനിൽ വിശ്വാസം അർപ്പിക്കുവാൻ അവൻ അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. താഴെക്കൊടുത്തിരിക്കുന്ന രണ്ടു വാക്യങ്ങളിൽ ഈ സത്യം ഏറ്റവും നന്നായി പ്രതിഫലിപ്പിച്ചിട്ടുണ്ട്:

1. യിസ്രായേൽജനത്തെ അവരുടെ അടിമത്തത്തിൽനിന്നു സ്വതന്ത്രരായി വിട്ടയയ്ക്കുവാൻ നീ ഫറവോന്റെ അടുക്കൽ പോയി അവനോടു പറയണമെന്നു ദൈവം മോശെയോടു കല്പിച്ചപ്പോൾ അവനോടു പറയുവാൻ പറഞ്ഞ കാര്യം ഇതായിരുന്നു: ***"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യിസ്രായേൽ എന്റെ പുത്രൻ, എന്റെ ആദ്യജാതൻ തന്നേ. എനിക്കു ശുശ്രൂഷ ചെയ്യുവാൻ എന്റെ പുത്രനെ വിട്ടയയ്ക്കണമെന്നു ഞാൻ നിന്നോടു കല്പിക്കുന്നു; ...." (പുറപ്പാട് 4:22 - 23).***
2. യിസ്രായേൽജനം വാഗ്ദത്തദേശത്തു പ്രവേശിക്കുവാൻ അടുത്തപ്പോൾ, ദൈവം എപ്രകാരമാണ് അവരെ കഴിഞ്ഞ നാല്പതു വർഷത്തോളം മരുഭൂമിയിൽ കൂടെ സുരക്ഷിതരായി കടന്നുപോരുവാൻ സഹായിച്ചതെന്ന് മോശെ അവരെ ഓർമ്മിപ്പിച്ചു. അവൻ പറഞ്ഞത്: ***"ഒരു മനുഷ്യൻ തന്റെ മകനെ വഹിക്കുന്നതുപോലെ, നിങ്ങൾ ഈ സ്ഥലത്ത് എത്തുവോളം നടന്ന എല്ലാ വഴിയിലും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ വഹിച്ചു എന്നു നിങ്ങൾ കണ്ടുവല്ലോ" (ആവർത്തനം 1: 31).***

അതിനാൽ, ദൈവം തന്റെ ജനത്തെ തന്റെ മകൻ എന്ന നിലയിലാണു കണ്ടതെന്നും, അവരെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ച് അവരുടെ സ്വന്ത ദേശത്തേയ്ക്കു നടത്തിക്കൊണ്ടു വരുന്ന കാര്യത്തിൽ, അവൻ ഒരു പിതാവിന്റെ എല്ലാ ഗുണവിശേഷങ്ങളും കാണിച്ചു എന്നും നമുക്കു കണുവാൻ സാധിക്കും. അവൻ എല്ലായ്പ്പോഴും അവരുടെ ഭൗതികമായ ഉപജീവനകാര്യങ്ങളിൽ അവർക്കു വേണ്ടി നന്നായി കരുതി അവരെ പോഷിപ്പിക്കുകയും, ആത്മീയമായി അവർക്കാവശ്യമായ ഉപദേശങ്ങൾ നൽകി അവരെ വളർത്തുകയും, ദൈവം അവർക്കു നൽകിയ ന്യായപ്രമാണ കല്പനകളോട് അനുസരണക്കേടു കാണിച്ച സന്ദർഭങ്ങളിൽ അവരെ സ്നേഹത്തോടെ ശിക്ഷിച്ചു വളർത്തുകയും ചെയ്തു. ഒരു യഥാർത്ഥ പിതാവ് തന്റെ കുഞ്ഞുങ്ങളെ സ്നേഹിക്കുന്നതുപോലെ തന്നേ അവൻ തന്റെ ജനമായ യിസ്രായേലിനെ സ്നേഹിച്ചു. ഈ ലോകജീവിതത്തിൽ അവർക്കാവശ്യമായ സകല നന്മകളും അവർക്കു ലഭിക്കുന്നതിനു വേണ്ടിയും, അവർ നിത്യമായ അനുഗ്രഹം പ്രാപിക്കുന്നതിനു വേണ്ടിയും ദൈവം അവരെ കാത്തു സംരക്ഷിച്ചുകൊണ്ടിരുന്നു.

### പുതിയനിയമം

യേശുവിന്റെ കാലമായപ്പോഴേയ്ക്കും, "*പിതാവായദൈവം*" എന്ന ഒരു ആശയം യെഹൂദന്മരുടെ ഹൃദയങ്ങളിൽ നന്നായി പതിഞ്ഞിരുന്നു. കർത്താ വായ യേശു ദൈവത്തെക്കുറിച്ച് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച സന്ദർഭ ങ്ങളിലെല്ലാം ദൈവത്തെ പരാമർശിക്കുന്നതിനായി "പിതാവ്" എന്ന സ്ഥാനപ്പേരാണ് ഉപയോഗിച്ചത്.എന്നാൽ, പഴയ നിയമത്തിൽ കാണുന്നതി നേക്കാൾ ശക്തമായ നിലയിൽ അവൻ ആ പേരു ഉപയോഗിച്ചു കൊണ്ട്, തന്റെ അനുഗാമികളെ, ***"സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ്" (മത്തായി 5: 45 48)*** എന്ന നിലയിൽ ദൈവത്തിൽ വിശ്വസിക്കുവാൻ പഠിപ്പിച്ചു.

എന്നാൽ പിതാവിനെക്കുറിച്ച് യേശു പഠിപ്പിച്ചതിനേക്കാളും അധികം പ്രാധാന്യത്തോടെ അവൻ ചെയ്ത മറ്റൊരു കാര്യമുണ്ടായിരുന്നു. അവൻ പറഞ്ഞതും പ്രവർത്തിച്ചതുമായ എല്ലാ കാര്യങ്ങളിലും പിതാവ് എങ്ങനെയുള്ള ഒരു വ്യക്തിയാണെന്ന് അവൻ കൃത്യമായി കാണിച്ചുകൊടുത്തു. യേശു പറഞ്ഞു: ***"എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (യോഹന്നൻ 14:9).*** യേശുവാണ് പിതാവായ ദൈവത്തിന്റെ സത്യവും സമ്പൂർണ്ണവുമായ പ്രതിബിംബം.

എന്നാൽ എല്ലാ ജനങ്ങളും വ്യക്തിപരമായി ദൈവത്തെ അവരുടെ പിതാവായി അറിയുന്നുണ്ടോ? അത് നമുക്കെല്ലാവർക്കും പൊതുവായിട്ടുള്ള ഒരു ബന്ധമാണോ?സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഓരോ ജീവികൾക്കും "***ദൈവത്തിന്റെ സന്താനം***" എന്നു അവകാശപ്പെടാൻ കഴിയും എന്നതിന് ഒരു ന്യായമുണ്ട്. കാരണം, ***"അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത്" (അപ്പൊ. പ്രവൃത്തികൾ 17: 28 29)*** . എന്നിരുന്നാലും ദൈവത്തെ ശരിയായ അർത്ഥത്തിൽ നമ്മുടെ പിതാവ് എന്ന നിലയിൽ അറിയണമെങ്കിൽ, നാം അവന്റെ പുത്രനായ കർത്താവായ യേശുക്രിസ്തുവിന്റെ വാക്കുകൾ ശ്രദ്ധാപൂർവ്വം കേൾക്കേണ്ടത് ആവശ്യമാണ്. ***"ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹന്നാൻ 14:6)*** എന്നാണ് യേശുക്രിസ്തു പറഞ്ഞത്. പൗലൊസ് ഗലാത്യയിലുള്ള ക്രിസ്ത്യാനികൾക്ക് എഴുതിയപ്പോൾ അവൻ ഇങ്ങനെ പറഞ്ഞു: ***"ക്രിസ്തുയേശുവിലെവിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു" (ഗലാത്യർ 3:26).***

നാം കർത്താവായ യേശുവിനെ നമ്മുടെ രക്ഷിതാവായി സ്വീകരിച്ചപ്പോൾ, ദൈവം നമ്മുടെ സ്വർഗ്ഗീയപിതാവ് ആണെന്നും അതിനാൽ അവൻ നമ്മെ സ്നേഹിച്ച് നമ്മുടെ ആവശ്യങ്ങൾ നമുക്കു നിറവേറ്റിത്തരും എന്നുമുള്ള ഉറപ്പും ധൈര്യവും നമുക്കു ലഭിച്ചു. ആ അറിവിൽ നമുക്കു സുരക്ഷിതരാ യിരിക്കുവാൻ കഴിയും. പിതാവായ ദൈവത്തോട് നമുക്ക് തിരിച്ചുള്ള മനോഭാവം, തന്റെ ജഡപ്രകാരമുള്ള പിതാവിനോട് ഒരു മകന് അല്ലെങ്കിൽ ഒരു മകൾക്കുള്ള അതേ ബഹുമാനവും സ്നേഹവും ആയിരിക്കണം. അതേ മനോഭാവത്തിൽ തന്നേ, നാം അവനെ പ്രസാദിപ്പിച്ചുകൊണ്ടും അവനു മാനവും മഹത്വവും വരുത്തിക്കൊണ്ടുമുള്ള ഒരു ജീവിതം നയിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ***"വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്ക മക്കളും ആകേണ്ടതിന് എല്ലാം വാദവും പിറുപിറുപ്പും കൂടാതെ ചെയ്യുവിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു" (ഫിലിപ്പ്യർ 2:14& 15).*** ദൈവകുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ നമ്മുടെ ലക്ഷ്യം എപ്പോഴും അവന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുക എന്നതും പിതാവ് എന്ന നിലയിൽ അവനുമായുള്ള നമ്മുടെ ബന്ധം ശരിയായി കാത്തുസൂക്ഷിക്കുക എന്നതുമാണ്.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

ദൈവം **യൂണിറ്റ് D**

**പഠനം 1. ദൈവം - പിതാവ്**

**1** *യോഹന്നാൻ 1:1 2* നെ ആസ്പദമാക്കി, ഒരു വ്യക്തി എങ്ങനെയാണ് ദൈവവുമായി അവന്റെ / അവളുടെ പിതാവ് എന്ന ബന്ധത്തിലായിത്തീരുന്നത് എന്നു വിശദീകരിക്കുക. (3)

**2** ഒരു ആൺകുട്ടി അവന്റെ പിതാവിന്റെ മുഖരൂപമുള്ളവനും പിതാവിനെപ്പോലെ തന്നേ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവനുമായിരിക്കുമ്പോൾ, "പിതാവിനെപ്പോലെ തന്നേ പുത്രനും" എന്ന് അങ്ങനെയുള്ള വരെക്കുറിച്ച് സാധാരണ പറയാറുള്ളതാണ്. " ദൈവത്തിന്റെ മക്കൾ " ഏതെല്ലാം കാര്യങ്ങളിൽ അവരുടെ സ്വർഗ്ഗീയ പിതാവിനെപ്പോലെ ആയിരിക്കേണ്ടവരാണ്? (3)

**3** *സങ്കീർത്തനം 103: 13* വായിക്കുക. ഈ വാക്യത്തിന്റെ അർത്ഥം താങ്കൾക്കു കഴിയുന്നത്രയും വ്യക്തമായി വിവരിക്കുക. (3)

**4** "ദൈവത്തിന്റെ സന്താനം " ആയിരിക്കുകയും "ദൈവത്തിന്റെ മക്കൾ " ആയിരിക്കുകയും തമ്മിലുള്ള വ്യത്യാസം വിശദമാക്കുക. മുഴുവൻ മാർക്കും ലഭിക്കുന്നതിന് അനുയോജ്യമായ ബൈബിൾ വാക്യങ്ങൾ ഉപയോഗിക്കുക. (5)

**5** ഫിലിപ്പൊസിന്റെ ചോദ്യത്തിന് കർത്താവായ യേശു നൽകിയ മറു പടിയിലൂടെ അവൻ എന്താണ് അർത്ഥമാക്കിയത്? *(യോഹന്നാൻ 14: 8 10 )* കാണുക. (4)

**6** "ഗിരിപ്രഭാഷണത്തിൽ " *(മത്തായി 5,6,7 അദ്ധ്യായങ്ങൾ)* ദൈവം അവരുടെ "സ്വർഗ്ഗസ്ഥനായ പിതാവ് " എന്ന് യേശു തന്റെ ശിഷ്യന്മാർക്ക് ഉപദേശിച്ചുകൊടുത്തു. ഇനി കാണുന്ന വാക്യങ്ങൾ ഉപയോഗിച്ച് അവൻ തന്റെ മക്കൾക്കു വേണ്ടി എപ്രകാരം കരുതലുകൾ ചെയ്യുന്നു എന്ന് സംഗ്രഹിച്ചു പറയുക *: 6:7, 8 ; 6: 26 32 .* (3)

**7** പാഠത്തിലെ വായനാഭാഗം ഉപയോഗിച്ച് താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് എഴുതുക: (4)

1. സ്വർഗ്ഗത്തെക്കുറിച്ച് "എന്റെ പിതാവിന്റെ ഭവനം " എന്നു വിവരിച്ചിട്ടുണ്ട്. ........................
2. പിതാവിന്റെ അടുക്കലേയ്ക്ക് പല വഴികളുണ്ട് എന്ന് യേശു പറഞ്ഞു. ........................
3. തോമാസ് പറഞ്ഞു, "പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം" ........................
4. യേശുവിന്റെ വചനം പ്രമാണിക്കുന്നവരെ പിതാവ് സ്നേഹിക്കുന്നു. ........................

**25**
ആകെ മാർക്ക്

# പഠനം 2. ദൈവം - പുത്രൻ

പേര്: ..........................................................

**വായിക്കുക: എബ്രായർ 1: 19**

**താക്കോൽവാക്യം: യോഹന്നാൻ 20: 28**

**"തോമാസ് അവനോട്: എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ എന്നു ഉത്തരം പറഞ്ഞു."**

## യേശുക്രിസ്തുവിന്റെ ദൈവത്വം

യേശുക്രിസ്തു സാക്ഷാൽ ദൈവമാണ് എന്ന സത്യത്തെ നിഷേധിക്കുന്ന ധാരാളം ആൾക്കാർ ഇന്നുണ്ട്, അവരിൽ ദൈവഭക്തരായവരും ധാരാളമുണ്ട്. എന്നാൽ സത്യദൈവമല്ലാത്ത ഒരു രക്ഷിതാവ്, യഥാർത്ഥത്തിൽ, അതിന്റെ അവസാനഭാഗത്ത് ചെല്ലുമ്പോഴേയ്ക്കും മറുകരയിലേയ്ക്കെത്താതെ പൊളിഞ്ഞുകിടക്കുന്ന ഒരു പാലം പോലെയായിരിക്കുന്നു ! അതിനാൽ, യേശു പുത്രനായ ദൈവമാണെന്ന് നാം നമ്മുടെ മനസ്സിൽ വ്യക്തമായി പതിപ്പിക്കുകയും, നമ്മുടെ ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. "***അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്" (കൊലോസ്യർ 2:9).*** ഒരാൾ ദിവ്യത്വമുള്ള വ്യക്തിയാണെന്നു പറയുമ്പോൾ, നാം അർത്ഥമാക്കുന്നത്, അവന് അല്ലെങ്കിൽ അവൾക്ക് ദൈവത്തിന്റേതു പോലെയുള്ള ഗുണങ്ങൾ ഉണ്ട് എന്നാണ്. എന്നാൽ യേശുവിന്റെ ദൈവത്വത്തെക്കുറിച്ചു പറയുമ്പോൾ, അത് അതിനേക്കാൾ വലിയതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവന്റെ ദൈവത്വത്തെക്കുറിച്ചു പറയുമ്പോൾ നാം അർത്ഥമാക്കുന്നത്, അവൻ ദൈവം ആണെന്നാണ് !

രണ്ടായിരം വർഷങ്ങൾക്കു മുമ്പ്, റോമാസാമ്രാജ്യത്തിന്റെ ആധിപത്യത്തിൻ കീഴിലായിരുന്ന യിസ്രായേൽ ദേശത്ത്, ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ ജീവിച്ചു എന്നു നാം വിശ്വസിക്കേണ്ടത് ആവശ്യമാണോ എന്നു താങ്കൾ അത്ഭുതപ്പെട്ടേക്കാം. യേശു ദൈവികഗുണങ്ങൾ ഉള്ളവനായിരുന്നു എന്നു മാത്രമല്ല, അവൻ ദൈവമായിരുന്നുവെന്നും ദൈവമാകുന്നുവെന്നും നാം വിശ്വസിക്കുകയും ഗ്രഹിക്കുകയും ചെയ്യേണ്ടത് ആവശ്യമാണോ?

ക്രിസ്തുവിന്റെ ദൈവത്വം എന്ന വചനസത്യം ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനതത്വമായി കണക്കാക്കണം എന്നു പറയുന്നതിന് രണ്ടു കാരണങ്ങളുണ്ട്:

1. നമ്മുടെ നിത്യരക്ഷ പൂർണ്ണമായും കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തെ ആശ്രയിച്ചാണിരിക്കുന്നത്. "***തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു".............."അവനിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല ......" ( യോഹന്നാൻ 3:16 & 18).*** യേശു ദൈവം അല്ലെങ്കിൽ, നമുക്ക് എപ്പോഴെങ്കിലും നമ്മുടെ രക്ഷയെക്കുറിച്ച് ഉറപ്പു വരുത്തുവാൻ കഴിയുമോ?

2. നമ്മുടെ ക്രിസ്തീയജീവിതത്തിൽ നമുക്കാവശ്യമായ ബലത്തിനും മാർഗ്ഗനിർദ്ദേശത്തിനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യവും സഹായവും നമുക്ക് എപ്പോഴും ആവശ്യമാണ്. "***അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു" (എബ്രായർ 7:25).*** ദൈവത്തോടു സമത്വമുള്ള ഒരുവനു മാത്രമേ ഇങ്ങനെ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

## അവന്റെ ദൈവത്വത്തെ കാണിക്കുന്ന തെളിവുകൾ

**1. മനുഷ്യർ അവനെ ആരാധിക്കുന്നു.** കർത്താവായ യേശു ഈ ഭൂമിയിൽ ജാതനായ സമയം മുതൽ തന്നേ, മനുഷ്യർ അവനെ ആരാധിക്കുവാൻ കടന്നുവന്നു. ഉദാഹരണമായി, കിഴക്കു നിന്നു വന്ന വിദ്വാന്മാരും, ഗദരദേശത്തെ ഭൂതഗ്രസ്തനും, കർത്താവിന്റെ ശിഷ്യന്മാർ തന്നെയും അവനെ നമസ്കരിച്ചതായി കാണുന്നു ***(മത്തായി 2: 11; മർക്കൊസ് 5:6&7; മത്തായി 14: 33).*** സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള ധാരാളം പുരുഷന്മാരും സ്ത്രീകളും യേശുവിനെ ദൈവത്തിന്റെ പുത്രൻ എന്ന് ഏറ്റുപറഞ്ഞ് സ്വീകരിച്ചിട്ടുണ്ട്. മറ്റു പലരും അവന്റെ ദൈവത്വത്തെ അംഗീകരിക്കുവാൻ വിസമ്മതിച്ചിട്ടുണ്ട് എന്ന കാര്യം സത്യമാണ്. എന്നാൽ അവന്റെ ദൈവത്വത്തെ ഏറ്റുപറഞ്ഞ് അവനെ സ്വീകരിച്ച എല്ലാവരും ചെയ്തത് സത്യമായ കാര്യമായിരുന്നു, അത് ദൈവത്തിന് പ്രസാദകരവുമായിരുന്നു. ഭാവികാലത്ത്, "***എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും" (ഫിലിപ്പ്യർ 2:11).***

**2. യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങൾ.** അപ്പൊസ്തലനായ യോഹന്നാൻ തന്റെ സുവിശേഷത്തിൽ, യേശു ചെയ്ത അത്ഭുതങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്, "***യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു" (യോഹന്നാൻ 20:31)*** എന്നു നമുക്കു വ്യക്തമാക്കിത്തന്നിട്ടുണ്ട്. കർത്താവു ചെയ്ത അത്ഭുതങ്ങളെല്ലാം, നമ്മുടെ ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്നതും നമുക്കു പരിഹരിക്കുവാൻ സാധിക്കാത്തതുമായ പ്രശ്നങ്ങളുടെമേൽ തനിക്കുള്ള അധികാരത്തേയും വിജയത്തേയുമാണ് കാണിച്ചുതരുന്നത്. ഉദാഹരണത്തിന്, അവൻ കുറച്ചു അപ്പവും മീനും കൊണ്ട് അയ്യായിരം പേർക്ക് തൃപ്തികരമായി ഭക്ഷണം നൽകുകയും ശേഷിപ്പിക്കയും ചെയ്തു. 38 വർഷമായി രോഗത്താൽ തളർന്നുകിടന്നിരുന്ന ഒരു മനുഷ്യനെ അവൻ സൗഖ്യമാക്കി. ഗലീലാക്കടലിലൂടെ ശിഷ്യന്മാരുമൊത്തു യാത്രചെയ്തപ്പോൾ അവിടെ ആഞ്ഞുവീശിയ കാറ്റിനെയും കടലിനെയും അവൻ ശാന്തമാക്കി. ഈ അത്ഭുതങ്ങളൊക്കെയും ചെയ്തപ്പോൾ, താൻ ദൈവമാണെന്ന് അവൻ തെളിയിക്കുകയായിരുന്നു; അതുകണ്ട് ജനം അവനിൽ വിശ്വസിക്കുവാനിടയാകണമെന്നായിരുന്നു അതിലൂടെ ഉദ്ദേശിച്ചത്. അവർ വിശ്വസിക്കുന്നില്ല എന്നു കണ്ട ഒരു സന്ദർഭത്തിൽ, അവൻ അവരോട് ഇങ്ങനെ പറഞ്ഞു: "***ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ടാ; ചെയ്യുന്നു എങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും പിതാവ് എന്നിലും ഞാൻ പിതാവിലും എന്നു നിങ്ങൾ ഗ്രഹിച്ചു അറിയേണ്ടതിനു പ്രവൃത്തിയെ ( അത്ഭുതപ്രവൃത്തികളെ) വിശ്വസിപ്പിൻ" (യോഹന്നാൻ 10:37 – 38).***

**3. അവന്റെ അധികാരം.** ഒരു ദിവസം തന്റെ അടുക്കൽ കൊണ്ടുവന്ന ഒരു പക്ഷവാതരോഗിയോട് യേശു, "***നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു"*** എന്നു പറഞ്ഞപ്പോൾ, അവിടെയുണ്ടായിരുന്ന പരീശന്മാർ, "ദൈവം ഒരുവൻ അല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആര്" എന്നു അവരുടെ ഉള്ളത്തിൽ ചിന്തിച്ചു. അവരുടെ ചിന്തകളെ അറിഞ്ഞ യേശു അവരോടു പറഞ്ഞ മറുപടി, "***ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന് അധികാരം ഉണ്ട്"*** എന്നായിരുന്നു. അവൻ ആ പക്ഷവാതരോഗിയുടെ ശാരീരികരോഗം മാറ്റി അവനു ആരോഗ്യവും ബലവും നൽകിയതു പോലെ തന്നേ, അവന്റെ മനസ്സിനെയും ആത്മാവിനെയും കൂടെ ശുദ്ധമാക്കി ***(ലൂക്കൊസ് 5:17 – 26).*** മറ്റനേകരും തങ്ങളുടെ പാപങ്ങളിൽ നിന്നും അവരെ അടിമപ്പെടുത്തിവെച്ചിരുന്ന സാത്താന്യശക്തികളിൽ നിന്നും പൂർണ്ണമായ മോചനം പ്രാപിച്ച് ക്രിസ്തുവിന്റെ വിടുതൽ ശക്തി അനുഭവിച്ചറിയുവാനിടയായി. പിന്നീട് അവരുടെയെല്ലാം ജീവിതങ്ങളിൽ വന്ന മാറ്റം, യഥാർത്ഥത്തിൽ അവർക്കു എന്താണു സംഭവിച്ചത് എന്നതിന്റെ തെളിവായിത്തീർന്നു.

**4. അവന്റെ ഉയിർത്തെഴുന്നേൽപ്പ്** ദൈവത്തിനു മാത്രമേ ജീവന്റെ മേലും മരണത്തിന്റെ മേലും അധികാരമുള്ളൂ എന്നു നാം വിശ്വസിക്കുന്നു. എന്നിരുന്നാലും, യേശു തന്റെ ജീവന്റെ മേൽ തനിക്കു പൂർണ്ണ അധികാരവും നിയന്ത്രണവും ഉണ്ട് എന്നു വ്യക്തമായി വെളിപ്പെടുത്തുന്ന രീതിയിൽ സംസാരിക്കുകയുണ്ടായി. തന്റെ ജീവനെക്കുറിച്ചു പറഞ്ഞപ്പോൾ അവൻ ഇങ്ങനെ വെളിപ്പെടുത്തി: "***ആരും അതിനെ എന്നോട് എടുത്തുകളയുന്നില്ല; ഞാൻ തന്നേ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്കു അധികാരം ഉണ്ട്; വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ട്" (യോഹന്നാൻ 10:18).*** കേവലം മനുഷ്യർക്കാർക്കും ഇങ്ങനെ പറയുവാൻ കഴിയുമായിരുന്നില്ല ! ഇവിടെയും യേശു തന്റെ ദൈവത്വത്തെക്കുറിച്ചാണു പ്രസ്താവിച്ചത് !

**5. പിതാവായ ദൈവത്തിന്റെ സാക്ഷ്യം** യേശു സ്നാനം ഏറ്റ ഉടനെ സ്വർഗ്ഗം അവനുവേണ്ടി തുറന്നു, "***ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി." (മത്തായി 3:16&17 കാണുക).*** യേശു പുത്രനായ ദൈവം എന്ന് പിതാവായ ദൈവം സാക്ഷ്യപ്പെടുത്തിയതിന്റെ രണ്ടാമത്തെ ഒരു ഉദാഹരണം ***എബ്രായർ 1:5 ൽ*** കാണാം : "***നീ എന്റെ പുത്രൻ" എബ്രായർ 1:8 ൽ ദൈവം തന്റെ പുത്രനെ "ദൈവം"*** എന്നു വിളിച്ചിരിക്കുന്നതായി കാണുന്നു എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് ! "***ദൈവമേ നിന്റെ സിംഹാസനം എന്നുമെന്നേയ്ക്കുമുള്ളത്.....*** " ക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിച്ച് പിതാവായ ദൈവത്തെക്കാളും വലിയ ഒരു സാക്ഷിയില്ലല്ലോ ! മനുഷ്യപുത്രനും ദൈവപുത്രനുമായ യേശുവിനെക്കുറിച്ച് പിതാവായ ദൈവം വെളിപ്പെടുത്തിത്തന്ന സാക്ഷ്യത്തെയും അംഗീകാരത്തെയും ചോദ്യം ചെയ്യുവാൻ മനുഷ്യരായ നമുക്ക് എങ്ങനെ കഴിയും?

**1** **" യേശുവിന്റെ ദൈവത്വം " എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?** 3

..........................................................................................................

..........................................................................................................

**2** **യേശുവിന്റെ ദൈവത്വം എന്ന വചന സത്യത്തിന് വളരെ പ്രാധാന്യമുണ്ട് എന്നു പറയുന്നതിനുള്ള ഒരു കാരണം നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.** 3

..........................................................................................................

..........................................................................................................

..........................................................................................................

**3** **താഴെക്കൊടുത്തിരിക്കുന്ന ഓരോ പ്രസ്താവനകൾക്കും നേരെ ശരിയോ തെറ്റോ എന്നെഴുതുക.** 5

a. യേശു ആരെയും തന്നെ ദൈവപുത്രൻ എന്നു വിളിക്കുവാൻ ഒരിക്കലും അനുവദിച്ചില്ല .............

b. ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും യേശുക്രിസ്തുവിലാണ് ദേഹരൂപമായി വസിക്കുന്നത് .............

c. കർത്താവായ യേശു ഒരിക്കലും ആരുടെയും പാപം മോചിച്ചില്ല. ദൈവത്തിനു മാത്രമേ അങ്ങനെ ചെയ്യുവാൻ കഴിയൂ എന്ന് അവൻ പറഞ്ഞു. .............

d. യേശുവിന്റെ സ്നാനത്തിങ്കൽ ദൈവം അവനെക്കുറിച്ചു സാക്ഷ്യം പറഞ്ഞു .............

e. യേശുക്രിസ്തുവിന്റെ ദൈവത്വത്തിലുള്ള വിശ്വാസം ക്രിസ്തീയ ഉപദേശത്തിൽ ഒരു അത്യാവശ്യ ഘടകമാണ്. .............

**4** **യേശു ചെയ്ത അത്ഭുതങ്ങളെ (അടയാളങ്ങളെ) യോഹന്നാൻ എന്തിനാണ് രേഖപ്പെടുത്തിയത്?** 2
***(യോഹന്നാൻ 20: 30& 31 കാണുക).***

..........................................................................................................

..........................................................................................................

..........................................................................................................

**5** ***യോഹന്നാൻ 10: 17 – 18*** **ൽ യേശുക്രിസ്തു തനിക്ക് തന്റെ ജീവന്റെമേൽ സമ്പൂർണ്ണ അധികാരമുണ്ട് എന്നു പറഞ്ഞു.** 5

a. ആർക്കും തന്നോടു ചെയ്യുവാൻ സാധ്യമല്ല എന്ന് യേശു പറഞ്ഞ കാര്യമെന്താണ്?

..........................................................................................................

b. തന്റെ ജീവനെ വെച്ചുകളഞ്ഞ ശേഷം എന്തു ചെയ്യും എന്നാണ് അവൻ പറഞ്ഞത്?

..........................................................................................................

c. ഈ പ്രസ്താവനകൾ അവനെക്കുറിച്ചു നമുക്കു വെളിപ്പെടുത്തിത്തരുന്നത് എന്താണ്?

..........................................................................................................

**6** ***യോഹന്നാൻ 20: 24 – 29ൽ*** **തോമാസിനെക്കുറിച്ച് എഴുതിയിട്ടുള്ള കാര്യങ്ങൾ വായിക്കുക. തുടർന്ന് :** 5

a. യേശു ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കണമെങ്കിൽ തനിക്കു എന്തു ചെയ്യുവാൻ കഴിയണമെന്ന വ്യവസ്ഥകളാണ് അവൻ വെച്ചത് എന്ന് ഒരു വാചകത്തിൽ വിവരിക്കുക. ..........................................................

..........................................................................................................

b. താക്കോൽ വാക്യത്തിൽ കാണുന്ന തോമാസിന്റെ വാക്കുകൾ എടുത്തെഴുതുക. ..........................................

..........................................................................................................

c. തോമസിന്റെ മനോഭാവത്തിൽ അത്രയും വലിയ ഒരു മാറ്റം സംഭവിക്കുവാൻ ഇടയായത് എന്തുകൊണ്ടാണെന്നാണ് താങ്കൾ കരുതുന്നത്? ..........................................................................................

..........................................................................................................

**7** **യേശുവിന്റെ ദൈവത്വത്തെ എടുത്തു കാണിക്കുന്ന രണ്ടു പദപ്രയോഗങ്ങൾ** ***എബ്രായർ 1: 14*** **നിന്നു എടുത്തെഴുതുക** 2

..........................................................................................................

..........................................................................................................

..........................................................................................................

**25**

ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

പേര്: ..........................................................

# ദൈവം

**യൂണിറ്റ് D**

**പഠനം 3. ദൈവം - പരിശുദ്ധാത്മാവ്**

**വായിക്കുക: യോഹന്നാൻ 16: 7 - 15**

**താക്കോൽവാക്യം: ഉല്പത്തി 1:2**

**"ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു."**

## പരിശുദ്ധാത്മാവിന്റെ ആളത്വം

മുകളിൽ കൊടുത്തിരിക്കുന്ന താക്കോൽ വാക്യം നമുക്കു വെളിപ്പെടുത്തി തരുന്നത്, ദൈവത്തിന്റെ ആത്മാവ് ഭൂമിയുടെ സൃഷ്ടിപ്പിൽ ഒരു വലിയ പങ്കു വഹിച്ചുവെന്നാണ്. ദൈവത്തിന്റെ ആത്മാവിനെക്കുറിച്ച് പരിശുദ്ധാത്മാവ് എന്നാണ് തിരുവെഴുത്തിൽ കൂടുതലായി പറഞ്ഞിട്ടുള്ളത്. ദൈവത്വത്തെക്കുറിച്ചു പറയുമ്പോൾ, പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും തുല്യതയുള്ള ഒരു വ്യക്തിയാണ്. അവനിൽ ദൈവത്വത്തിനു ആവശ്യമായ എല്ലാ സ്വഭാവഗുണങ്ങളുമുണ്ട്. ഉദാഹരണമായി :

1. **സർവ്വ വ്യാപകത്വം** - ഒരേസമയത്ത് എല്ലായിടത്തുമായിരിക്കുന്നതിനുള്ള കഴിവ് ***സങ്കീർത്തനം 139:7***
2. **സർവ്വജ്ഞാനം** - സർവ്വ കാര്യങ്ങളും അറിയുന്നതിനുള്ള കഴിവ് ***1 കൊരിന്ത്യർ 2:10***
3. **സർവ്വശക്തിത്വം** - എല്ലാ കാര്യങ്ങളും ചെയ്യുന്നതിനുള്ള കഴിവ് ***റോമർ 8:1 1***

## പരിശുദ്ധാത്മാവിന്റെ ശക്തി

പഴയനിയമകാലങ്ങളിൽ, ദൈവം തിരഞ്ഞെടുത്ത ചില പ്രത്യേക വ്യക്തികൾക്ക് പരിശുദ്ധാത്മാവിന്റെ ശക്തി നൽകപ്പെട്ട പല സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. ഉദാഹരണമായി :

1. ശിംശോൻ, യിസ്രായേലിലെ വിഖ്യാതനായ ന്യായാധിപൻ. അവനെക്കുറിച്ച് ***ന്യായാധിപന്മാരുടെ പുസ്തകം 14:6ൽ ഇങ്ങനെയാണു പറഞ്ഞിരിക്കുന്നത്: "അപ്പോൾ യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു; കൈയിൽ ഒന്നുമില്ലാതിരിക്കെ അവൻ അതിനെ ഒരു ആട്ടിൻ കുട്ടിയെപ്പോലെ കീറിക്കളഞ്ഞു."***
2. യെഹെസ്കേൽ, പ്രവാചകൻ. ***"അപ്പോൾ യഹോവയുടെ ആത്മാവ് എന്റെമേൽ വീണു എന്നോടു കല്പിച്ചത്: നീ പറയേണ്ടത് എന്തെന്നാൽ: ...."(യെഹെസ്കേൽ 11:5).***
3. ബെസലേൽ, സമാഗമന കൂടാരത്തിന്റെ നിർമ്മാണപ്രവൃത്തിയിൽ കൊത്തുപണികളും കരകൗശലപ്പണികളും ചെയ്യുവാൻ നിയോഗിക്കപ്പെട്ട വിദഗ്ദ്ധൻ.
4. അവനെക്കുറിച്ചു മോശെ ഇങ്ങനെയാണു പറഞ്ഞത്: ***"നോക്കുവിൻ, യഹോവ യെഹൂദാഗോത്രത്തിൽ ഹൂരിന്റെ മകനായ ഊരിയുടെ മകൻ ബെസലേലിനെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. കൗശലപ്പണികളെ സങ്കല്പിച്ചുണ്ടാക്കുവാനും പൊന്ന്, വെള്ളി, താമ്രം എന്നിവ കൊണ്ട് പണി ചെയ്യുവാനും ....... അവൻ ദിവ്യാത്മാവിനാൽ അവനെ ജ്ഞാനവും ബുദ്ധിയും അറിവും സകല വിധ സാമർത്ഥ്യവും കൊണ്ടു നിറച്ചിരിക്കുന്നു" (പുറപ്പാട് 35: 30 31).***

എന്നാൽ പുതിയനിയമത്തിലാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വളരെയധികം പ്രാധാന്യത്തോടെ വ്യാപകമായി കാണുവാൻ സാധിക്കുന്നത്. താഴെക്കാണുന്ന വേദഭാഗങ്ങളിൽ അവന്റെ പ്രവർത്തനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു നോക്കുക :

1. കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതത്തിലും ശുശ്രൂഷകളിലും. യേശുകർത്താവ് സ്നാനപ്പെട്ട സമയത്ത്, പരിശുദ്ധാത്മാവ് ഇറങ്ങിവന്ന് അവന്റെ മേൽ വസിച്ചു ***(യോഹന്നാൻ 1:31 - 34).*** അവൻ ഉപദേശിച്ചപ്പോഴും അത്ഭുതപ്രവൃത്തികൾ ചെയ്തപ്പോഴുമെല്ലാം, അവൻ പരിശുദ്ധാത്മാവിനാൽ ശക്തിപ്പെട്ടിട്ടായിരുന്നു അപ്രകാരം ചെയ്തത് ***( ലൂക്കൊസ് 4:16 - 21).***
2. ദൈവസഭയിൽ. ***അപ്പൊസ്തല പ്രവൃത്തികൾ 2: 14*** ൽ കാണുന്നതുപ്രകാരം, പരിശുദ്ധാത്മാവിന്റെ ശക്തിയാലായിരുന്നു ദൈവസഭ രൂപപ്പെട്ടത്. അന്നു മുതൽ ഇന്നു വരെയും, പരിശുദ്ധാത്മാവാണ് സഭയിൽ ഉപദേശിക്കുകയും സഭയെ നിയന്ത്രിച്ചു വഴിനടത്തുകയും ചെയ്യുന്നത് ***(യോഹന്നാൻ 16:13 & 14).***
3. സഭയിലെ ഓരോ വിശ്വാസിയുടെയും വ്യക്തിപരമായ ജീവിതത്തിൽ. പരിശുദ്ധാത്മാവ് അവരുടെ സ്വഭാവത്തെ ദിവ്യസ്വഭാവത്തിനനുസരിച്ച് വളർത്തിവികസിപ്പിക്കുകയും, അവരെ പടിപടിയായി ക്രിസ്തുവിനെപ്പോലെ ആയിത്തീരുവാൻ സഹായിക്കുകയും ചെയ്യുന്നു ***(ഗലാത്യർ 5:22 25).***
4. അവിശ്വാസികളായി തുടരുന്ന ജനസമൂഹങ്ങളുടെ മദ്ധ്യത്തിൽ. പരിശുദ്ധാത്മാവ് രക്ഷിക്കപ്പെടാത്തവരും പാപികളുമായി നിലകൊള്ളുന്നവരുടെ ഹൃദയങ്ങളിൽ പ്രവർത്തിച്ച്, അവർക്കു പാപബോധം വരുത്തുന്നതിനും അവർ രക്ഷിക്കപ്പെടേണ്ടതായ ആവശ്യമുണ്ടെന്ന് അവരെ ബോദ്ധ്യപ്പെടുത്തുന്നതിനും, നിരന്തരമായി അവരോട് വ്യക്തിപരമായി ഇടപെട്ടുകൊണ്ടിരിക്കുന്നു ***( യോഹന്നാൻ 16: 7 - 11) .***

ഇപ്രകാരം നോക്കുമ്പോൾ, സകല കാര്യങ്ങളുടെയും ആരംഭം മുതൽ സകലത്തിന്റെയും അവസാനം വരെയും, പരിശുദ്ധാത്മാവ് പ്രവർത്തനനിരതമായിരിക്കുന്നു എന്നു കാണുവാൻ കഴിയും ***(താക്കോൽ വാക്യവും, വെളിപ്പാട് 22: 17 ആം വാക്യവും കാണുക).*** അവന്റെ പ്രവർത്തനത്തെ നമുക്കു കാറ്റിനോട് ഉപമിക്കുവാൻ സാധിക്കും. അതിനെ നമുക്കു കാണുവാൻ സാധിക്കുകയില്ലെങ്കിലും, അതു നമുക്ക് ഏതെങ്കിലും വിധത്തിൽ എപ്പോഴും അനുഭവമായിക്കൊണ്ടിരിക്കുന്നു ***(യോഹന്നാൻ 3:5 - 8).***.

## പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം

കർത്താവായ യേശു ഈ ഭൂമിയിൽ നിന്നും പിതാവിന്റെ അടുക്കലേയ്ക്ക് മടങ്ങിപ്പോകുന്നതിനു മുമ്പ് തന്റെ ശിഷ്യന്മാരോട്, അവൻ പോയാൽ അവന്റെ അഭാവത്തിൽ അവനു പകരമായി ***"മറ്റൊരു കാര്യസ്ഥനെ" (സഹായിയെ)*** അവരോടുകൂടെ എന്നേയ്ക്കുമിരിക്കേണ്ടതിന് അയയ്ക്കും എന്നു വാഗ്ദത്തം ചെയ്തിരുന്നു ***(യോഹന്നാൻ 14 : 16).*** കർത്താവായ യേശു സ്വർഗ്ഗത്തിലേയ്ക്കു മടങ്ങിപ്പോയി പത്തു ദിവസം കഴിഞ്ഞപ്പോൾ, അവൻ ചെയ്ത ഈ വാഗ്ദത്തം നിറവേറി. പെന്തെക്കൊസ്തു ദിവസമായിരുന്ന അന്ന് അപ്പൊസ്തലന്മാരെല്ലാവരും യെരൂശലേമിൽ ഒരുമിച്ചുകൂടിയിരിക്കുകയായിരുന്നു. ആ സമയത്ത് പരിശുദ്ധാത്മാവ് വളരെ അതിശയകരമായ വിധത്തിൽ അവരുടെമേൽ വന്നു ***(അപ്പൊ. പ്രവൃത്തി 2: 14).*** അവരെല്ലാവരും, വാഴ്ത്തപ്പെട്ടവനായ കർത്താവായ യേശു ***"തല" യായിരിക്കുന്ന "ഏകശരീരത്തിന്റെ അവയവങ്ങളായി" തീർന്നു. (1 കൊരിന്ത്യർ 12: 12 - 13 ; കൊലൊസ്യർ 1: 18).*** ആ സമയം മുതൽ, ഓരോ വ്യക്തിയുംമാനസാന്തരപ്പെട്ട് കർത്താവായ യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കുന്ന അതേ നിമിഷം തന്നേ, പരിശുദ്ധാത്മാവ് അവരിലേയ്ക്കു വരികയും അവർ ദൈവസഭയുടെ ഭാഗമായിത്തീരുകയും ചെയ്യുന്നു ***( എഫെസ്യർ 1: 13 - 14).*** അങ്ങനെ സഭയുടെ ഭാഗമായിത്തീരുന്ന ഓരോ വ്യക്തിക്കും, ***"ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കുന്നതിനുള്ള" (എഫെസ്യർ 4:3 )*** ഉത്തരവാദിത്തമുണ്ട്.

നാം മാനസാന്തരപ്പെട്ട് ക്രിസ്തുവിങ്കലേയ്ക്കു തിരിഞ്ഞ സമയത്ത് നമുക്കു പരിശുദ്ധാത്മാവിനെ ലഭിച്ചുവെങ്കിലും, കർത്താവിന്റെ സാക്ഷ്യം വഹിക്കുകയും ദൈവത്തെ സേവിക്കുകയും ചെയ്യുമ്പോൾ നമ്മുടെ സഹായത്തിനായി നാം ഈ വിശിഷ്ട വ്യക്തിയിൽ ആശ്രയിക്കുവാൻ ശീലിക്കേണ്ടതാണ്. നാം നമ്മുടെ ജീവിതങ്ങളെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുകയും, നമ്മുടെ ക്രിസ്തീയജീവിതത്തിൽ നാം ഏതു തീരുമാനം എടുക്കുമ്പോഴും, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനായി അവനിൽ ആശ്രയിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. പലപ്പോഴും നാം നമ്മുടെ ബലത്തിലും ബുദ്ധിയിലുമാശ്രയിച്ചായിരിക്കാം ജീവിതം നയിക്കുവാൻ ശ്രമിക്കുന്നത്. അപ്പോഴെല്ലാം നാം പരാജയപ്പെട്ടുപോകുകയും, എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്നു അത്ഭുതത്തോടും നിരാശയോടും കൂടെ ചിന്തിക്കുകയും ചെയ്തേക്കാം ! എന്നാൽ, ഇന്നു നമുക്ക് അവന്റെ പരിശുദ്ധാത്മാവിനെ നമുക്കു തന്നതിന് ദൈവത്തോടു നന്ദിയുള്ളവരായിരിക്കാം. ***"ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്യുക" (ഗലാത്യർ 5: 25)*** എന്ന ദൈവാത്മാവിന്റെ പ്രബോധനം നമുക്ക് എപ്പോഴും നമ്മുടെ ഓർമ്മയിലുണ്ടായിരിക്കുവാൻ ഇടയാകട്ടെ.

സൃഷ്ടിപ്പിന്റെ സമയത്ത്, ദൈവത്തിന്റെ ആത്മാവ്, ആഴത്തിന്മേലുണ്ടായിരുന്ന ഇരുട്ടിനെ നീക്കി അവിടെ വെളിച്ചവും ജീവനും വരുത്തുന്നതിനുള്ള ദൈവത്തിന്റെ വചനത്തിനായി കാത്തിരിക്കുകയായിരുന്നു. ഇന്ന് അവൻ കാത്തിരിക്കുന്നത്, നിങ്ങൾ സ്വയം ദൈവത്തിനു വിധേയപ്പെട്ട് അവന്റെ വചനം അനുസരിക്കുന്നതിനായിട്ടാണ്. നിങ്ങൾ അങ്ങനെ ചെയ്യുമ്പോൾ, പരിശുദ്ധാത്മാവ് നിങ്ങളുടെ ജീവിതത്തെ നിങ്ങളുടെ നന്മയ്ക്കും ദൈവത്തിന്റെ നിത്യമഹത്വത്തിനും അനുയോജ്യമായ രീതിയിൽ വഴിതിരിച്ചുവിടും.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**പഠനം 3. ദൈവം - പരിശുദ്ധാത്മാവ്**

**1** **താഴെക്കൊടുത്തിരിക്കുന്ന നാമപദങ്ങൾ ഉപയോഗിച്ച് ഓരോ വാക്യങ്ങൾ എഴുതിക്കൊണ്ട് അവയുടെ അർത്ഥം നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിവരിക്കുക :** (6)

സർവ്വശക്തിത്വം ..........

സർവ്വ വ്യാപകത്വം ..........

സർവ്വജ്ഞാനം ..........

**2** **താഴെപ്പറയുന്ന സംഭവസമയങ്ങളിൽ പരിശുദ്ധാത്മാവ് ഏതു രൂപങ്ങളിലാണു പ്രത്യക്ഷപ്പെട്ടത്?** (2)

a. യേശുവിന്റെ സ്നാനസമയത്ത് ***(മത്തായി 3:16)*** : ..........

b. പെന്തെക്കൊസ്തുനാളിൽ സഭ രൂപം കൊണ്ട സമയത്ത് ***(പ്രവൃ. 2: 1 4)*** ..........

**3** ***ഗലാത്യർ 5:22&23*** **ഉപയോഗിച്ച് ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ പരിശുദ്ധാത്മപ്രവർത്തനത്താൽ അനുഭവമാകുന്ന *ആറു ഗുണങ്ങൾ* അല്ലെങ്കിൽ നന്മകൾ ഏതൊക്കെ എന്നു എഴുതുക.** (2)

..........

..........

..........

**4** **മേൽപ്പറഞ്ഞ ഗുണങ്ങൾ കർത്താവായ യേശുവിൽ പൂർണ്ണമായ നിലയിൽ ഉണ്ടായിരുന്നു എന്ന സത്യം മനസ്സിൽ വെച്ചുകൊണ്ട്, ഓരോ ക്രിസ്ത്യാനിയിലും എന്തു ഗുണങ്ങൾ ഉണ്ടാക്കുന്നതിനായിട്ടാണ് പരിശുദ്ധാത്മാവ് അവരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്ന് എഴുതുക.** (4)

..........

..........

**5** **താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്കു നേരേ ശരിയോ തെറ്റോ എന്നെഴുതുക.** (5)

a. പരിശുദ്ധാത്മാവ് കേവലം ഒരു അനുഭവമാണ്, അതിന് ഒരു വ്യക്തിത്വമില്ല. ..........

b. പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിൽ പരിശുദ്ധാത്മാവ് പ്രവർത്തനനിരതമായിരുന്നു. ..........

c.പഴയനിയമകാലങ്ങളിൽ ആരും പരിശുദ്ധാത്മാവിനെക്കുറിച്ച് ഒന്നും അറിഞ്ഞിരുന്നില്ല. ..........

d. യേശുക്രിസ്തു മരിക്കുന്നതിനു മുമ്പെ, തന്റെ ശിഷ്യന്മാരോട്, പരിശുദ്ധാത്മാവ് അവർക്ക് ഒരു സഹായിയായി അല്ലെങ്കിൽ ആശ്വാസപ്രദനായി വരും എന്ന് വാഗ്ദത്തം നൽകിയിരുന്നു. ..........

e. ഇക്കാലത്ത് ചില ക്രിസ്ത്യാനികൾക്കു മാത്രമേ പരിശുദ്ധാത്മാവ് ഉള്ളൂ. ..........

**6** **പരിശുദ്ധാത്മാവിനാൽ ഉപയോഗിക്കപ്പെട്ട ചില വ്യക്തികളുടെ പേരുകളും ബൈബിൾ വാക്യസൂചനകളും കൊടുത്തിരിക്കുന്നു. പേരുകളും ശരിയായ വാക്യസൂചനകളും തമ്മിൽ വരയിലൂടെ ബന്ധിപ്പിക്കുക.** (3)

| | |
|---|---|
| ശിംശോൻ | ***അപ്പൊ. പ്രവൃത്തി 11 : 22 – 24*** |
| പത്രൊസ് | ***സംഖ്യ 24: 2*** |
| സ്തെഫാനൊസ് | ***അപ്പൊ.പ്രവൃത്തി 4: 8*** |
| ബിലെയാം | ***ന്യായാധിപന്മാർ 14: 5 &6*** |
| ബർന്നബാസ് | ***അപ്പൊ. പ്രവൃത്തി 6:5*** |
| ഗിദെയോൻ | ***ന്യായാധിപന്മാർ 6:34*** |

**7** മാനസാന്തരപ്പെടാത്ത ജനത്തോടുള്ള ബന്ധത്തിൽ ***(യോഹന്നാൻ 16: 7 – 11 നോക്കുക)***, പരിശുദ്ധാത്മാവ് (ഉപദേഷ്ടാവ്/ സഹായി/ ആശ്വാസപ്രദൻ) എന്തു പ്രവൃത്തിയാണു ചെയ്തുകൊണ്ടിരിക്കുന്നത്? (3)

..........

..........

..........

..........

**25**

ആകെ മാർക്ക്

പേര്: ..........................................................

വായിക്കുക: യോഹന്നാൻ 14: 15-27

**താക്കോൽവാക്യം: മത്തായി 28:19**

**"ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു പ്രമാണിപ്പാൻ തക്കവണ്ണം കല്പിച്ചതൊക്കെയും ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ"**

മുകളിൽ കൊടുത്തിട്ടുള്ള താക്കോൽ വാക്യത്തിൽ ***"പിതാവ്"***, ***"പുത്രൻ"***, ***"പരിശുദ്ധാത്മാവ്"*** എന്നിവരെക്കുറിച്ചാണു പറയുന്നത്. അവരെ ഒരുമിച്ചു ചേർത്താണ് പലപ്പോഴും ***"ത്രിത്വം"*** എന്നും ***"ദൈവത്വം"*** എന്നും പരാമർശിക്കാറുള്ളത്. ***"ത്രിത്വം"*** എന്ന പദം ബൈബിളിൽ കാണുന്നില്ല. ഇത് തീർച്ചയായും ഒരു വലിയ മർമ്മമാണ്. കാരണം ദൈവം അപരിമേയനാണ്, അളവറ്റവനാണ്, അതിരുകളില്ലാത്തവനാണ്. അതായത്, അവൻ പരിമിതികളില്ലാത്തവനാണ്, അതിനാൽ നമുക്ക് അവനെ അളക്കുവാൻ കഴിയുകയില്ല. അവൻ പരമോന്നതനാണ്; അവൻ സ്രഷ്ടാവും പ്രപഞ്ചത്തെ മുഴുവൻ വഹിക്കുന്നവനും, തന്റെ ശക്തിയിലും ജ്ഞാനത്തിലും സർവ്വശക്തനുമാണ്.
ദൈവത്തിന്റെ മഹത്വത്തിനു വിപരീതമായി, സൃഷ്ടികളായ നാമെല്ലാവരും, പരിധികളും പരിമിതികളുമുള്ളവരാണ്. നാം പല രീതികളിലും കാര്യങ്ങളിലും പരിമിതികളുള്ളവരായിരിക്കുന്നു. നമുക്കുള്ള അധികാരങ്ങളും കഴിവുകളുമെല്ലാം മറ്റു പല ഘടകങ്ങളാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു!

## ഒരു ദൈവം മൂന്നു ആളത്വങ്ങൾ ബഹുത്വം

ത്രിത്വം എന്ന വിഷയം നാം പഠിക്കുവാൻ ശ്രമിക്കുമ്പോൾ, നമ്മുടെ വിശ്വാസത്തിനു പരിധിയി കല്പിക്കേണ്ട ആവശ്യമില്ലെങ്കിലും, നാം നമ്മുടെ ബുദ്ധിയുടെ പരിമിതികളെക്കുറിച്ചു സമ്മതിക്കുവാൻ തയ്യാറാകുന്നതു നല്ലതാണ്. മൂന്നു ആളത്വങ്ങളിൽ ദൈവം ഒരു ദൈവമായിരിക്കുന്നു എന്ന പരമമായ സത്യം നമുക്കു മുഴുവനായി മനസ്സിലാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ പോലും, നമുക്ക് അത് സ്വീകരിക്കുവാൻ സാധിക്കും. ബൈബിൾ നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ള ചില പ്രധാനപ്പെട്ട സത്യങ്ങൾ താഴെ കൊടുക്കുന്നു:

1. ഒരു ദൈവമേയുള്ളൂ ***(യെശയ്യാവ് 45:22; മർക്കൊസ് 12:29).***
2. ദൈവത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളുണ്ട്; അവർ ഓരോരുത്തരും ആ പദങ്ങളുടെ പൂർണ്ണമായ അർത്ഥത്തിൽ ദൈവം തന്നേയാണ് ***(പാഠം 1,2,3 കാണുക).***
3. പിതാവും പുത്രനും പരിശുദ്ധാത്മാവും അന്യോന്യം വ്യത്യസ്തരായിരിക്കുന്നു, അഥവാ, ഒരാൾ മറ്റൊരാളിൽനിന്നും വ്യത്യസ്തനായിരിക്കുന്നു. ***യോഹന്നാൻ 14:16ൽ*** ഇതു വ്യക്തമായി കാണുവാൻ കഴിയും. അവിടെ പുത്രൻ (യേശു) പിതാവിനോടു ചോദിക്കുമെന്നും, അപ്രകാരം പിതാവ് പരിശുദ്ധാത്മാവിനെ അയയ്ക്കും എന്നും വാഗ്ദത്തം ചെയ്തിരിക്കുന്നു.

## ഒരു ദൈവം - മൂന്നു ആളത്വങ്ങൾ ഏകത്വം

ദൈവത്വത്തിലുള്ള മൂന്നു ആളുകൾ വ്യത്യസ്തരെങ്കിലും, അവരുടെ ഏകത്വം നന്നായി വ്യക്തമാക്കിയിട്ടുള്ള ധാരാളം സന്ദർഭങ്ങളുണ്ട്. അവരിൽ ഒരാളുടെ സാന്നിദ്ധ്യത്തിലും പ്രവൃത്തിയിലും മറ്റു രണ്ടു വ്യക്തികളുടെയും കൂടെ സാന്നിദ്ധ്യവും പ്രവൃത്തിയും ഉള്ളതായി കാണിച്ചിരിക്കുന്നു. താഴെക്കൊടുത്തിട്ടുള്ള സന്ദർഭങ്ങളിൽ ദൈവത്വത്തിലെ മൂന്നു ആളത്വങ്ങളും എങ്ങനെ ഉൾപ്പെട്ടിരിക്കുന്നു എന്നു നോക്കുക :

1. യേശുക്രിസ്തു യോഹന്നാനാൽ സ്നാനം ഏറ്റ സന്ദർഭം ***(മത്തായി 3:16&17).***
2. കാൽവറിയിലെ അവന്റെ മരണം ***(എബ്രായർ 9:14).***
3. വിശ്വാസികൾ കർത്താവായ യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കുന്ന സന്ദർഭം ***(മത്തായി 28:1819).***
4. പരിശുദ്ധാത്മാവിനെ നൽകിയ സന്ദർഭം ***( യോഹന്നാൻ 14:26; അപ്പൊ.പ്രവൃ. 2: 32 &33).***

ദൈവത്തിലെ മൂന്നു ആളത്വങ്ങളും ഏകീഭവിച്ചിരിക്കുന്ന അവസ്ഥയാണ് നമുക്കു ലഭിക്കുന്ന സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ സ്രോതസ്സ് അഥവാ ഉറവിടം. ***2 കൊരിന്ത്യർ 13:14ൽ*** അതു വ്യക്തമായി കാണുവാൻ സാധിക്കും: "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ".

## ഒരു ദൈവം - മൂന്നു ആളത്വങ്ങൾ അധികാരം

പാഠത്തിന്റെ താക്കോൽ വാക്യത്തിൽ പറഞ്ഞിരിക്കുന്നത്, ***"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിൻ"*** എന്നാണ്. ഇത് കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പായി അവന്റെ അപ്പൊസ്തലന്മാർക്കു കൊടുത്ത അന്തിമ കല്പനയായിരുന്നു. സ്നാനം എന്നത് ഒരു വ്യക്തി മാനസാന്തരപ്പെട്ട് കർത്താവായ യേശുക്രിസ്തുവിനെ സ്വീകരിച്ചിരിക്കുന്നു എന്നു പരസ്യമായി സാക്ഷ്യപ്പെടുത്തുന്ന ഒരു കർമ്മമാണ്."***.... നാമത്തിൽ"*** സ്നാനം ഏൽക്കുമ്പോൾ പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടും (ത്രിയേകദൈവത്തോട് ) വിധേയപ്പെടുന്നു എന്നു പ്രഖ്യാപിക്കുകയാണു ചെയ്യുന്നത്. കർത്താവിന്റെ ഈ കല്പന, ത്രിത്വത്തെ സംബന്ധിച്ച് ക്ളാസ്സുകളിൽ നിന്നു പഠിച്ചു മനസ്സിലാക്കിയ കേവലമായ ഒരു അറിവ് എന്ന നിലയിൽ നിന്നും, നമ്മുടെ പ്രായോഗികമായ ക്രിസ്തീയജീവിതത്തോടു ബന്ധപ്പെട്ട ഒരു കല്പനയുടെ അനുസരണം എന്ന നിലയിലേയ്ക്ക് നമ്മെ ഉയർത്തുകയാണു ചെയ്യുന്നത്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും **നാമത്തിൽ** സ്നാനം ഏറ്റു കഴിയുമ്പോൾ അതു സൂചിപ്പിക്കുന്നത്, നമ്മുടെ ജീവിതം ത്രിയേക ദൈവത്തിന്റെ ഭരണത്തിൻ കീഴിലാകുവാൻ നാം നമ്മെത്തന്നെ ഏൽപ്പിച്ചുകൊടുത്തിരിക്കുന്നു എന്നാണ്.
ബൈബിളിൽ പലപ്പോഴും ഒരു പേരുപയോഗിച്ചിട്ടുള്ളത്, ആ വ്യക്തി ആരാണെന്നു കാണിക്കുക എന്ന ഉദ്ദേശത്തെക്കാളുപരി, അവൻ അല്ലെങ്കിൽ അവൾ എന്താണ് എന്നു പറയുന്നതിനു വേണ്ടിയാണ്. (ഉദാഹരണമായി, ***രൂത്ത് 1:20*** കാണുക). അവരെ ***"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും.... ശിഷ്യരാക്കിക്കൊൾവിൻ"*** എന്നു കർത്താവു പറഞ്ഞപ്പോൾ, അവൻ മൂന്നു വസ്തുതകൾക്കു പ്രാധാന്യം നൽകുകയായിരുന്നു:

1. ദൈവത്വത്തിന്റെ ഏകത്വം. (പ്രത്യേകം ശ്രദ്ധിക്കുക: ***"നാമത്തിൽ"*** എന്നു ഏകവചനത്തിലാണു പറഞ്ഞിരിക്കുന്നത്, ബഹുവചനമല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത് !).
2. ശിഷ്യരായിത്തീരുന്ന സകലരും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അധികാരത്തിൻ കീഴിൽ ആയിത്തീരുന്നു.
3. എല്ലാ ക്രിസ്ത്യാനികൾക്കും അവർക്കാവശ്യമായ ആത്മീയ അനുഗ്രഹങ്ങളും നിത്യമായ അനുഗ്രഹങ്ങളും ലഭിക്കുന്നതിനായി ത്രിത്വത്തിലെ മൂന്നു ആളത്വങ്ങളുടെയും സജീവമായ വ്യാപാരശക്തിയിൽ ആശ്രയിക്കാൻ സാധിക്കുന്നതാണ്.

ഈ പഠനപരമ്പര, യൂനിറ്റ് "എ " യിൽ ആരംഭിച്ചതാണ്. അവിടെ അപ്പൊസ്തലനായ പൗലൊസ് അഥേനയിലുണ്ടായിരുന്ന തത്വചിന്തകരോട് ജീവനുള്ള സത്യദൈവം എന്ന ആശയം വിശദീകരിക്കുന്നതായിട്ടാണ് നാം പഠിച്ചത്. അതു സംഭവിച്ചത് ഏകദേശം 2000 വർഷങ്ങൾക്കു മുമ്പായിരുന്നു! ഇന്നു നാം ഇതേ കാര്യം തന്നേ പഠിക്കുമ്പോൾ, "ദൈവത്തെക്കുറിച്ചു പഠിക്കേണ്ട ആവശ്യം ഇന്നും ഉണ്ടോ?" എന്നു ചോദിക്കുവാനുള്ള ഒരു ഉൾപ്രേരണ നമ്മിൽ ചിലർക്കെങ്കിലും ഉണ്ടായി എന്നു വരാം. സാങ്കേതികവിദ്യയിലും ശാസ്ത്രീയനേട്ടങ്ങളിലും ഇത്രമാത്രം പുരോഗമിച്ചുനിൽക്കുന്ന ഈ കാലഘട്ടത്തിൽ, ആത്മീയസത്യങ്ങളെക്കുറിച്ചു പഠിക്കുകയും അത് പ്രായോഗികജീവിതത്തിൽ അനുസരിക്കുകയും ചെയ്യുന്നതിന് വല്ല ന്യായവുമുണ്ടോ? എന്നായിരിക്കും അങ്ങനെയുള്ളവർ ചിന്തിക്കുക!
സർവ്വശക്തനും പരിശുദ്ധനുമായ ദൈവം നമ്മെ സ്നേഹിക്കുകയും തന്റെ ഏകജാതനായ പുത്രനെ നമ്മെ രക്ഷിക്കുന്നതിനു വേണ്ടി തരികയും ചെയ്തു എന്നതു തന്നേ നമുക്ക് അതിനോടുള്ള പ്രതികരണം എന്തായിരിക്കണമെന്നു വ്യക്തമായി കാണിച്ചുതരുന്നുണ്ട്. മേൽപ്പറഞ്ഞതുപോലെയുള്ള ചോദ്യത്തിനും സംശയത്തിനുമുള്ള മറുപടി ഈ സത്യത്തിൽ അടങ്ങിയിരിക്കുന്നു. നമ്മുടെ കഴിഞ്ഞ കാലങ്ങളിലെയും ഇക്കാലത്തെയും അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത്, നമ്മുടെ ജീവിതത്തിൽ സന്തോഷവും സങ്കടവും, സംശയങ്ങളും നിശ്ചയബോധവും, എല്ലാം ഇടകലർന്നു വരാറുണ്ട് എന്നതാണ് ! പിതാവായദൈവത്തിന്റെ സ്നേഹവും, പുത്രനായ ദൈവത്തിന്റെ കൃപയും, പരിശുദ്ധാത്മാവായ ദൈവത്തിന്റെ ആശ്വാസവും നടത്തിപ്പും നമുക്ക് അനുഭവിച്ചറിയുവാൻ കഴിയണമെങ്കിൽ നമ്മുടെ ഹൃദയത്തിൽ നമുക്ക് ഈ ത്രിയേക ദൈവത്തെ, സത്യദൈവത്തെ തന്നേ, ഉൾക്കൊള്ളുവാൻ മതിയായ വിശാലതയും വിധേയത്വവും ഉണ്ടായിരിക്കേണ്ടതാണ്. ഈ ദൈവാനുഗ്രഹങ്ങൾ മറ്റെവിടെയും കാണുവാൻ കഴിയുന്നതല്ല.
***"നമുക്ക് ഇനിയും ഒരു ദൈവത്തെക്കൊണ്ട് ആവശ്യമുണ്ടോ? ഈ ചോദ്യം ദൈവത്തിനു മാത്രം ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളെ അറിയാത്തതുകൊണ്ട്, തെറ്റായ നിലയിൽ ചോദിക്കുന്ന ഒരു ചോദ്യമാണ് ദൈവം ജീവിക്കുന്നു, നാമും ജീവിക്കുന്നു. ദൈവത്തിനു നമ്മെ ഉപയോഗിക്കുവാൻ കഴിയേണ്ടതിന് അവനു വേണ്ടി ജീവിക്കുവാൻ നാം തയ്യാറാണോ? (ഡിയേട്രിച്ച് ബോൺഹോഫ്ഫെർ)***

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**1** "ദൈവം പരിമിതികളില്ലാത്തവനാണ്, എന്നാൽ നാം പരിമിതികളുള്ളവരാണ്." ഈ പ്രസ്താവനയിലടങ്ങിയിരിക്കുന്ന അർത്ഥം എന്താണെന്നു വിശദമാക്കുക. | 4

......................................................................................................................................................

......................................................................................................................................................

**2** *യോഹന്നാൻ 14:25 - 26ൽ* കർത്താവായ യേശു അരുളിച്ചെയ്തിട്ടുള്ള ഈ വാക്യങ്ങൾ വായിക്കുക. അതിനു ശേഷം താഴെക്കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക | 4

a. ആരാണ് പരിശുദ്ധാത്മാവിനെ അയയ്ക്കുന്നത്? ......................................................................................

b. പരിശുദ്ധാത്മാവിനെ കുറിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന മറ്റു നാമപദങ്ങൾ അല്ലെങ്കിൽ വിശേഷണ നാമങ്ങൾ ഏതെല്ലാം ?

......................................................................................................................................................

c. ഈ വാക്യങ്ങളിൽ കാണുന്നതനുസരിച്ച് പരിശുദ്ധാത്മാവു ചെയ്യുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം?

......................................................................................................................................................

**3** *മത്തായി 3:16 - 17* വായിക്കുക. യേശുവിന്റെ സ്നാനസമയത്ത്, പിതാവായ ദൈവവും പരിശുദ്ധാത്മാവായ ദൈവവും വഹിച്ച പങ്ക് എന്താണെന്നു വിശദമാക്കുക. | 5

......................................................................................................................................................

......................................................................................................................................................

**4** a. താക്കോൽ വാക്യം ഇവിടെ എടുത്തെഴുതുക. | 4

......................................................................................................................................................

......................................................................................................................................................

b. യേശുവിന്റെ ഒരു ശിഷ്യനായിരിക്കുക എന്നു പറഞ്ഞാൽ എന്താണ് അർത്ഥം?

......................................................................................................................................................

......................................................................................................................................................

**5** *"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ"* സ്നാനം ഏൽക്കുക എന്നതിന്റെ അർത്ഥം നിങ്ങൾക്ക് കഴിയുന്നത്രയും നന്നായിട്ടും വ്യക്തമായിട്ടും വിശദമാക്കുക. | 4

......................................................................................................................................................

......................................................................................................................................................

......................................................................................................................................................

**6** *"ത്രിത്വം"* എന്ന പദത്തിന്റെ അക്ഷരാർത്ഥം *"ത്രിയേകൻ"* എന്നാണ്. ഈ പദം ബൈബിളിൽ കാണുന്നില്ലെങ്കിലും അത് ദൈവത്വത്തിന് ഏറ്റവും അനുയോജ്യമായിരിക്കുന്നത് എന്തുകൊണ്ട്? | 4

......................................................................................................................................................

......................................................................................................................................................

......................................................................................................................................................

**ദൈവത്തെക്കുറിച്ച് അറിയുക എന്നതും, അവനിൽ വിശ്വസിക്കുക എന്നതും തമ്മിൽ താങ്കളുടെ ജീവ്തത്തിൽ എന്തെങ്കിലും വ്യത്യാസമുള്ളതായിട്ടിരിക്കു ന്നുണ്ടോ? ഈ പഠനപരമ്പരയിലൂടെ പഠിച്ചുകൊണ്ടിരുന്ന കാര്യങ്ങൾ താങ്കൾക്ക് എങ്ങനെ അനുഭവമാകുന്നു എന്നു വ്യക്തമാക്കുവാൻ ശ്രമിക്കുക.**

......................................................................................................................................................

......................................................................................................................................................

......................................................................................................................................................

......................................................................................................................................................

......................................................................................................................................................

......................................................................................................................................................

100 — യുണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25 — ആകെ മാർക്ക്

© Bible Educational Services, www.besweb.com